# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ദേശീയ വനാവകാശ നിയമം</u>

5213 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ വനാവകാശ നിയമം അട്ടിമറിക്കുവാൻ കേരളം ശ്രമിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി കൈവശം വച്ചു വരുന്ന ഒരേക്കറിൽ താഴെയുള്ള വനഭൂമിയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചു;

(സി) ഇവയിന്മേൽ നിയമപരമായി നടപടികൾ സ്വീകരിക്കുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഹാരിസണ്‍ മലയാളം കമ്പനി കൈമാറുന്ന പാട്ടഭൂമി</u>

5214 ശ്രീ. എ. കെ. ശശീന്ദ്രന്‍
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതുതായി രൂപീകരിച്ച എന്‍ചാന്റിങ് പ്ലാന്റേഷന്‍സ്, ഹാര്‍മണി പ്ലാന്റേഷന്‍സ്, മലയാളം പ്ലാന്റേഷന്‍സ് കമ്പനികള്‍ക്ക് ഹാരിസണ്‍ മലയാളം കമ്പനി കൈമാറുന്ന പാട്ടഭൂമിയില്‍ എത്ര ഏക്കര്‍ വനഭൂമി ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തെക്കുറിച്ച് വനം വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ അന്വേഷണം നടത്തി വിശദാംശങ്ങള്‍ അറിയിക്കുമോ;

(സി) പുതിയ കമ്പനികള്‍ക്ക് ഭൂമി കൈമാറുന്നതിനുള്ള അംഗീകാരത്തിനായി ഹാരിസണ്‍ മലയാളം കമ്പനി ഹൈക്കോടതിയില്‍ സമര്‍പ്പിച്ച ഹര്‍ജിയില്‍ കേരള സര്‍ക്കാരിന് വേണ്ടി സത്യവാങ്മൂലം സമര്‍പ്പിക്കാന്‍ കേരള കമ്പനി കാര്യ ലോക്കല്‍ രജിസ്ട്രാര്‍ക്ക് അധികാരമില്ലെന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ കേരള കമ്പനി കാര്യ ലോക്കല്‍ രജിസ്ട്രാറുടെ പേരില്‍ അച്ചടക്ക നടപടി സ്വീകരിക്കുമോ; മേല്‍ സൂചിപ്പിച്ച പ്രകാരം സത്യവാങ്മൂലം സമര്‍പ്പിക്കാന്‍ കമ്പനി കാര്യ ലോക്കല്‍ രജിസ്ട്രാര്‍ക്ക് അധികാരമില്ലെന്ന് കേന്ദ്ര സര്‍ക്കാരിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകന്‍ ചൂണ്ടിക്കാട്ടിയില്ലെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ എന്തു തുടര്‍ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ സർക്കാർ ഏറ്റെടുത്ത
തോട്ടങ്ങളുടെ ചുമതല</u>

5215 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളുടെ ചുമതല വനം വകുപ്പിന് തന്നെയാണോ; അതോ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) നെല്ലിയാമ്പതിയിൽ പാട്ടക്കാലാവധി കഴിഞ്ഞ ഏതെല്ലാം തോട്ടങ്ങളാണ് ഇനി ഏറ്റെടുക്കാനുള്ളത് എന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ</u>

5216 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(സി) വന സംരക്ഷണ പ്രവൃത്തികൾക്ക് ഇവ എത്രമാത്രം സഹായകരമാവും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>മലയാറ്റൂർ പഞ്ചായത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡ് പുനർനിർമ്മാണം</u>

5217 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ പഞ്ചായത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഷൺമുഖം റോഡും പ്രസ്തുത റോഡിൽ സ്ഥിതി ചെയ്യുന്ന കൊന്തേമ്പിള്ളി പാലവും ഇടിഞ്ഞുവീണ് ശോചനീയാവസ്ഥയിൽ ആയിട്ടും പ്രസ്തുത റോഡും പാലവും ഗതാഗതയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കാത്തതിനു കാരണം വിശദമാക്കാമോ;**

(ബി) ഈ റോഡും പാലവും എന്ന് ഗതാഗത യോഗ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കുളത്തൂപ്പുഴയിൽ ആരംഭിച്ച മണൽ കലവറ</u>

5218 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെയും നിർമ്മിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ മുൻസർക്കാരിന്റെ കാലത്ത് കുളത്തൂപ്പുഴയിൽ ആരംഭിച്ച മണൽ കലവറ അടച്ചിട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 'കലവറ' തുറന്ന് പ്രവർത്തിക്കുവാനും സാധാരണക്കാർക്ക് നിശ്ചിത വിലയ്ക്ക് മണൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ വനം വകുപ്പ് സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

## പദ്ധതികൾക്ക് വനം വകുപ്പിന്റെ ഭരണാനുമതിയ്ക്ക് കാലതാമസം

5219 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് (എൽ.എ. സി.എ.ഡി.എഫ്) പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് റാന്നി എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ള എത്ര പ്രോജക്ടുകൾ റാന്നി ഡി.എഫ്.ഒ., പെരിയാർ ടൈഗർ റിസർവ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ മുഖേന സമർപ്പിച്ചിട്ടുള്ളതെന്ന് പദ്ധതിയുടെ പേരും, അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ; ഈ പദ്ധതികൾ നിർദ്ദേശിച്ചുകൊണ്ട് എം.എൽ.എ എന്നാണ് ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയിട്ടുള്ളത്;

(ബി) ഈ പദ്ധതികൾക്ക് ഇതേ വരെ ഭരണാനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഭരണാനുമതി ലഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഈ പ്രോജക്ടുകളുടെ ഓരോന്നിന്റെയും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(ഡി) ഈ ഫയലുകളിൽ തുടർനടപടി ഉണ്ടാകാത്തതിന് എന്താണ് കാരണം; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഒന്നരവർഷം കഴിഞ്ഞിട്ടും ഈ പ്രോജക്ടുകൾ സർക്കാർ അനുമതിയ്ക്കായി നൽകാതെ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥരുടെ മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) അടിയന്തരമായി ഈ പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

ദേവികുളം മണ്ഡലത്തിലെ വന്യജീവി ആക്രമണങ്ങൾ

5220 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; എത്ര പേർക്ക് വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ പരുക്കേറ്റിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കാർഷികവിളകൾക്ക് സംഭവിച്ചിട്ടുള്ള നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തൊക്കെ സഹായങ്ങളാണ് അനുവദിച്ച് നൽകിയിട്ടുള്ളത് എന്നറിയുമോ; വിശദാംശം നൽകാമോ;

(ഡി) കൃഷിഭൂമിയിലുണ്ടായ നാശനഷ്ടങ്ങൾക്ക് കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) കൃഷിയിടങ്ങളെയും ജനങ്ങളെയും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(എഫ്) ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

അതിരപ്പിള്ളി പഞ്ചായത്തിലെ കാട്ടുമൃഗങ്ങളുടെ ആക്രമണം

5221 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർസും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ കിഴക്കൻ മേഖലകളിൽ കാട്ടുമൃഗങ്ങളുടെ നിരന്തരമായ ആക്രമണം മൂലം തദ്ദേശവാസികളുടെ ജീവനും സ്വത്തിനും കാർഷികവിളകൾക്കും വലിയ തോതിൽ ഭീഷണിയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കാട്ടുമൃഗങ്ങളുടെ ശല്യത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ മേഖലയിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>തേക്കടി ബോട്ട് സവാരിക്കുള്ള ടിക്കറ്റ് വില്പന</u>

5222 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേക്കടി വനൃമൃഗസംരക്ഷണ കേന്ദ്രത്തിൽ വനംവകുപ്പ് നടത്തുന്ന ബോട്ട് സവാരിക്കുള്ള ടിക്കറ്റ് കൗണ്ടറിലെ ക്യൂ ലംഘിച്ച് അനധികൃതമായി ചില ടൂർ ഓപ്പറേറ്റർമാർ ടിക്കറ്റ് സംഘടിപ്പിച്ച് യാത്ര നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് വകുപ്പ് സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബോട്ട് യാത്രയ്ക്കുള്ള ടിക്കറ്റ് വിനോദസഞ്ചാരികളോ, ഉദ്യോഗസ്ഥരോ അല്ലാത്തവർ ക്രമവിരുദ്ധമായി കരസ്ഥമാക്കി മറിച്ച് വിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) തേക്കടി വനൃമൃഗ സംരക്ഷണ കേന്ദ്രത്തിലെ ബോട്ട് യാത്രക്കാർക്കും, വിദേശ ടൂറിസ്റ്റുകൾക്കും സൗകര്യപ്രദമാകത്തക്കവണ്ണം ഓൺലൈനായി ടിക്കറ്റ് ബുക്കിംഗ് ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) തേക്കടി സന്ദർശകരുടെ വാഹനപാർക്കിംഗ്മൂലം ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കസ്തൂരിരംഗന്‍ റിപ്പോര്‍ട്ട് - മലയോര കര്‍ഷകരെ എപ്രകാരം ബാധിക്കുമെന്ന പഠനം</u>

5223 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കസ്തൂരിരംഗന്‍ റിപ്പോര്‍ട്ട് കേരളത്തിലെ മലയോര കര്‍ഷകരെ ഏതെല്ലാം തരത്തിലാണ് ബാധിയ്ക്കുന്നതെന്ന് പഠനം വനംവകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ നല്‍കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ആഗോളതാപനം ചെറുക്കുന്നതിനായി സ്വീകരിച്ച നടപടികൾ

5224 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർസും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനം ചെറുക്കുന്നതിനായി വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) അതിനായി എത്ര രൂപ വകയിരുത്തിയിരുന്നു; അതിൽ എന്ത് തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്വകാര്യഭൂമിയിൽ മരംവച്ച് പിടിപ്പിക്കുന്നതിനായി എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നത്; അതിൽ എന്തു തുക ചെലവഴിച്ചു; എത്ര പേർക്കാണ് വിതരണം ചെയ്തത്; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതി</u>

5225 ശ്രീ. കെ. അച്ചുതൻ
'' വി. റ്റി. ബൽറാം
'' ലൂഡി ലൂയിസ്
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി വകുപ്പ് ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നദികളെ പുനരുദ്ധരിക്കുന്നതിനും, അവയിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ശുദ്ധീകരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ഔഷധസസ്യങ്ങളുടെയും മരങ്ങളുടെയും സംരക്ഷണം</u>

5226 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അമൂല്യമായ ഔഷധസസ്യങ്ങളുടെയും മരങ്ങളുടെയും സംരക്ഷണത്തിന് വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഇത്തരം സസ്യങ്ങളുടെ തൈകള്‍ ഉല്‍പ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഏതെല്ലാം കേന്ദ്രങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ ജാനകിക്കാട് ഔഷധസസ്യത്തോട്ടവും നഴ്സറിയും അധികൃതരുടെ അനാസ്ഥ മൂലം നശിക്കുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തോട്ടം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് നിരോധനം</u>

5227 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ആണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിരോധിത അളവിലുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ നിർബാധം ഉപയോഗിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവയുടെ ഉത്പാദനവും വിതരണവും അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>പ്ലാസ്റ്റിക് കവറുകളുടെയും ഫ്ളക്സ് ബോർഡുകളുടെയും നിയന്ത്രണം</u>

5228

ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് കവറുകൾ, ഫ്ളക്സ് ബോർഡുകൾ ഉൾപ്പെടെയുള്ളവയുടെ ഉപയോഗവും, ഉല്പാദനവും നിയന്ത്രിച്ചുള്ള പരിസ്ഥിതി സംരക്ഷണ നടപടികൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഇത്തരം വസ്തുക്കളുടെ അമിതമായ ഉപയോഗം മൂലം റോഡുകളും ജലാശയങ്ങളും മലിനപ്പെടുത്തുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ സ്മൈൽ പദ്ധതി</u>

5229 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന സ്മൈൽ പദ്ധതിയിലേക്ക് നോമിനേഷൻ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

ഏറനാട് മണ്ഡലത്തിലെ പൈക പദ്ധതി

5230 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് വകുപ്പിന് കീഴിൽ പൈക പദ്ധതി പ്രകാരം ഏതെല്ലാം കാര്യങ്ങളാണ് ചെയ്യുന്നതെന്ന് അറിയിക്കുമോ;

(ബി) പൈക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് പൈക പ്രകാരമുള്ള പദ്ധതികൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് വകുപ്പുകളെ ഏകോപിപ്പിച്ച് ഏറനാട് മണ്ഡലത്തിലെ പഞ്ചായത്തുകൾ, സ്കൂളുകൾ എന്നിവ ഉൾപ്പെടുത്തി പൈക പദ്ധതി പ്രകാരമുള്ള ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

ദേശീയ ഗെയിംസ് വേദികൾ

5231 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽവച്ച് നടക്കുന്ന ദേശീയ ഗെയിംസിനായി ഓരോ ജില്ലയിലും നിശ്ചയിച്ചിട്ടുള്ള വേദികൾ ഏതെല്ലാമെന്നും അവിടെവച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്ന മത്സരങ്ങളേതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ വേദിയുടെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(സി) ഈ വേദികൾ ദേശീയ ഗെയിംസ് ലക്ഷ്യം വച്ച് മാത്രമുള്ളതാണോ എന്നും അതോ ദീർഘകാല ഉപയോഗം ലക്ഷ്യമിട്ടാണോ നിർമ്മിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ദേശീയ ഗെയിംസിന്റെ തീയതി സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ദേശീയ സ്കൂൾ കായികതാരങ്ങൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിലെ വീഴ്ച</u>

T.5232 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ കായികമേളയിൽ പങ്കെടുക്കാൻ റാഞ്ചിയിലേയ്ക്ക് പുറപ്പെട്ട കായികതാരങ്ങൾക്ക് ട്രെയിനിൽ റിസർവേഷൻ സൗകര്യം ചെയ്ത് നൽകിയിരുന്നുവോ;

(ബി) ഇല്ലെങ്കിൽ റിസർവേഷൻ ടിക്കറ്റ് ശരിയാക്കാനാകാതെ വന്ന സാഹചര്യം വിശദീകരിക്കാമോ;

(സി) ഇത് സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വിദ്യാര്‍ത്ഥികളുടെ കായിക നിലവാരം ഉയര്‍ത്താന്‍ നടപടി</u>

5233 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമങ്ങളിലെ സ്കൂള്‍-കോളേജ് വിദ്യാര്‍ത്ഥികള്‍ക്ക് തങ്ങളുടെ കായിക നിലവാരം ഉയര്‍ത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഗ്രാമങ്ങളിലെ പൊതുകളിസ്ഥലങ്ങളുടെ വികസനത്തിനും പുതുതായി കളിസ്ഥലങ്ങള്‍ നിര്‍മ്മിക്കുന്നതിനും എന്തെങ്കിലും പദ്ധതികള്‍ നടപ്പാക്കുന്നുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ;

(സി) ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുന്നതിന് സഹായകരമാകും വിധം സ്കൂള്‍-കോളേജ് തലങ്ങളില്‍ കായിക വിദ്യാഭ്യാസം നിര്‍ബന്ധമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേര്‍ന്ന് ഏതെല്ലാം പദ്ധതികള്‍ ആവഷ്ക്കരിക്കാന്‍ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കൽപ്പറ്റ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം</u>

5234

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നഗരസഭ നിർമ്മിക്കുന്ന മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിനു സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ഏതെല്ലാം വകുപ്പുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൽപ്പറ്റ നഗരസഭ നിർമ്മിക്കുന്ന മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിനു ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിൽ <u>'മൾട്ടി സ്പോർട്സ് പ്ലേ സ്പേയ്സ്'</u>

T.5235 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീറുവിളയിൽ മൾട്ടി സ്പോർട്സ് പ്ലേ സ്പേയ്സ് നിർമ്മിക്കുവാനുള്ള ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് മൾട്ടി സ്പോർട്സ് പ്ലേ സ്പേയ്സ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കുളത്തൂപ്പുഴയിൽ ടെക്നിക്കൽ സ്കൂളിന് കളിസ്ഥലം</u>

5236 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ പഞ്ചായത്തിലെ സർക്കാർ സ്കൂളുകൾക്കോ പഞ്ചായത്തിനോ സ്വന്തമായി കളിസ്ഥലം ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുളത്തുപ്പുഴ ടെക്നിക്കൽ സ്കൂളിന് സ്വന്തമായുള്ള ആറര ഏക്കർ സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ കായികവകുപ്പ് സ്വീകരിക്കുമോ;

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വടംവലി കായിക ഇനമാക്കാൻ നടപടി</u>

5237 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെ പ്രധാന കായിക ഇനങ്ങളിലൊന്നാണ് വടംവലി (കമ്പവലി) എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ-കോളേജ് തലത്തിൽ നടക്കുന്ന കായികമേളയിൽ വടംവലി ഒരു മത്സര ഇനമായി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരവും പ്രോത്സാഹനവും ഈ കായിക വിനോദത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം കബഡി അക്കാഡമിയുടെ പേരിൽ നടത്തിയ തട്ടിപ്പ്</u>

5238 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ രഹസ്യമായി രൂപീകരിച്ച മഞ്ചേശ്വരം കബഡി അക്കാദമിയുടെ പേരിൽ സംസ്ഥാന കായിക യുവജനകാര്യാലയത്തിൽ നിന്ന് 6 ലക്ഷം രൂപ തട്ടിയെടുത്ത വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രാഥമിക അന്വേഷണത്തിൽ ഇതിൽ ഉൾപ്പെട്ടയാളുകളുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇത് അന്വേഷിക്കണമെന്ന കാസറഗോഡ് ജില്ലാ വികസന സമിതിയോഗ തീരുമാനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

പയ്യാമ്പലത്ത് ഹോക്കിതാരത്തിന് ഭൂമി നല്കാൻ നടപടി

5239 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1972 ൽ നടന്ന മ്യൂണിക്ക് ഒളിംപിക്സിൽ ബ്രോൺസ് മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിൽ അംഗമായ മാനുൽ ഫെഡറിക് എന്ന കായികതാരത്തിന് കണ്ണൂർ പയ്യാമ്പലത്ത് 3 സെന്റ് ഭൂമി നല്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പട്ടയം ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയുമോ;

(ബി) പതിച്ചു നല്കിയ ഭൂമിക്ക് അടുത്തായി സർക്കാർ വക ഭൂമി ഉണ്ടോയെന്നും എങ്കിൽ എത്രയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത കായിക താരത്തിന് കുറച്ചുകൂടി ഭൂമി പതിച്ചുനല്കാൻ സന്നദ്ധമാകുമോയെന്നും വീടുവെക്കാൻ സാമ്പത്തിക സഹായം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിയിക്കുമോ;

(ഡി) ഇപ്പോൾ ബാംഗ്ലൂരിൽ ഹോക്കി പരിശീലകനായി പ്രവർത്തിക്കുന്ന കായികതാരത്തിന് കണ്ണൂരിൽ പരിശീലന പരിപാടി ആരംഭിക്കാൻ സഹായം നല്കാൻ കായിക വകുപ്പ് തയ്യാറാകുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ആധുനിക തീയേറ്റർ സമുച്ചയങ്ങൾ</u>

5240 ശ്രീ. വർക്കല കഹാർ
'' കെ. ശിവദാസൻ നായർ
'' എം. പി. വിൻസെന്റ്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുതും വലുതുമായി ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനങ്ങളുടെ വിപുലീകരണം</u>

5241

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ കേരള ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ചലച്ചിത്ര അക്കാഡമി നിലവിൽ എന്തെങ്കിലും കോഴ്സുകൾ നടത്തിവരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ വൈവിദ്ധ്യമാർന്ന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ദേശീയ - സാർവ്വദേശീയ സിനിമാരംഗത്ത് പ്രതിഭ തെളിയിച്ച നിരവധി പ്രശസ്ത വ്യക്തികളെ ഉൾപ്പെടുത്തി ഉന്നത നിലവാരത്തിൽ ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ബസ് ചാർജ് വർദ്ധന</u>

5242 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തവണ ബസ് ചാർജ് വർദ്ധന വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ ബസ് ചാർജ് നിരക്കുകൾ എത്രയെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>സ്റ്റേജ് കാര്യേജ് ബസുകൾ</u>

5243 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്റ്റേജ് കാര്യേജ് ബസുകൾ ഓടിക്കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റേജ് കാര്യേജ് ബസുകളുടെ എണ്ണം കുറഞ്ഞ് വരികയാണോ എന്നറിയിക്കുമോ;

(സി) എങ്കിൽ അതിന്റെ കാരണം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സ് സർവ്വീസ്</u>

5244 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തി വരുന്നുണ്ട്;

(ബി) ഇതിൽ ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് എന്നീ വിഭാഗങ്ങളിൽ ആയി എത്ര ബസ്സുകൾ ഉണ്ട്;

(സി) സൂപ്പർ ഫാസ്റ്റ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ സൂപ്പർ ഫാസ്റ്റ് ബോർഡ് വെച്ച് യാത്രക്കാരിൽ നിന്നും അന്യായമായി അധികചാർജ് ഈടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>സ്വകാര്യ ബസ് ഉടമകളുടെ ഇൻഷ്വറൻസ് തട്ടിപ്പ്</u>

5245 ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കെ നാരായണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് ഉടമകൾ ഇൻഷ്വറൻസ് മേഖലയിൽ വൻ തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണർ ഇതുസംബന്ധമായി റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ് ഉടമകൾ ഉൾപ്പെടെ സ്വകാര്യ വാഹനങ്ങളുടെ ഉടമകൾ നിശ്ചിത സമയം വാഹനങ്ങൾ ഇൻഷ്വർ ചെയ്യുന്നു എന്നുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മന:പൂർവ്വം കമ്പനികളുടെ പേരിൽ വണ്ടിചെക്ക് നൽകി ഇൻഷ്വറൻസ് നേടിയെടുക്കുകയും പിന്നീട് ചെക്ക് ബാങ്കിലെത്തി പണമില്ലാതെ മടങ്ങുമ്പോൾ കമ്പനി ഇൻഷ്വറൻസ് റദ്ദാക്കുന്നതും അതുവഴി തട്ടിപ്പ് നടത്തിവരുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

വര്‍ദ്ധിച്ച് വരുന്ന വാഹന അപകടങ്ങള്‍

5246 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഓരോ വര്‍ഷവും വാഹനങ്ങള്‍ വര്‍ദ്ധിക്കുന്നതിനനുസരിച്ച് വാഹന അപകടങ്ങളും വര്‍ദ്ധിച്ച് വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അപകടങ്ങള്‍ വര്‍ദ്ധിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങള്‍ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കില്‍ ആയതിന്റെ അടിസ്ഥാനത്തില്‍ എന്തെല്ലാം സുരക്ഷാ മുന്‍കരുതല്‍ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് സ്ഥിരമായി വാഹനാപകടങ്ങള്‍ നടക്കുന്ന സ്ഥലങ്ങള്‍ പ്രത്യേകമായി കണ്ടെത്തിയിട്ടുണ്ടോ; അവ എവിടെയെല്ലാമാണ്; പ്രസ്തുത സ്ഥലങ്ങളില്‍ എന്തെല്ലാം സുരക്ഷാ മുന്‍കരുതലുകള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ഷെയർ ഓട്ടോ സംവിധാനം</u>

5247 ശ്രീ. സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗാതഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഷെയർ ഓട്ടോ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ഷെയര്‍ ഓട്ടോകള്‍ക്ക് പെര്‍മിറ്റ്</u>

5248 ശ്രീ. ഹൈബി ഈഡന്‍
,, ബെന്നി ബെഹനാന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷെയര്‍ ഓട്ടോ സംവിധാനം ഏര്‍പ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൊച്ചി നഗരത്തില്‍ ഷെയര്‍ ഓട്ടോകള്‍ക്ക് പെര്‍മിറ്റ് നല്‍കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത നിവേദനത്തിന്‍മേല്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പിഴ ഇനത്തിലുള്ള വരുമാനം</u>

5249 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ ഗതാഗത വകുപ്പ് പിഴ ഇനത്തിൽ എത്ര രൂപയാണ് പിരിച്ചെടുത്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈയിനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര ശതമാനത്തിന്റെ വർദ്ധനയാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>വാഴക്കോട് ജംഗ്ഷൻ വിപുലീകരിക്കുന്നതിന് വനം വകുപ്പിൽ നിന്ന് ഭൂമി വിട്ട് കിട്ടാൻ നടപടി</u>

5250 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വാഴക്കോട് ജംഗ്ഷനിലെ കൊടുംവളവ് കാരണം നിരന്തരം വാഹനാപകടങ്ങൾ സംഭവിക്കുന്നതും വളരെയധികം പേർക്ക് ജീവഹാനി സംഭവിച്ചിട്ടുളളതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് വാഴക്കോട് ജംഗ്ഷൻ റോഡ് വിപുലീകരണത്തിനാവശ്യമായ ഭൂമി വനംവകുപ്പ് വിട്ടുകൊടുക്കാത്തതാണ് റോഡ് വികസനത്തിനുള്ള തടസ്സമെന്ന് അറിയുമോ;

(സി) ഇതിനായി പൊതുമരാമത്ത് വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും വനം വകുപ്പിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വാഴക്കോട് ജംഗ്ഷൻ വിപുലീകരണത്തിനാവശ്യമായ ഭൂമി വിട്ടുനൽകുന്നതിലൂടെ റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ ചെലവ് നിയന്ത്രിക്കാൻ നടപടി

5251 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ ചെലവുകളിൽ നിയന്ത്രണമേർപ്പെടുത്തി നഷ്ടം കുറച്ചു കൊണ്ട് വരുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) പെൻഷൻകാരും ജീവനക്കാരും ഉൾപ്പെടെ പതിനായിരത്തിലധികം കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗമായിട്ടുള്ള പ്രസ്തുത സ്ഥാപനത്തെ രക്ഷിക്കാനും സ്ഥാപനത്തെ നിലനിർത്താനും അടിയന്തരമായി ഇടപെടുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യുടെ ബാധ്യത ഏറ്റെടുക്കൽ</u>

5252 ശ്രീ. എളമരം കരീം
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സാജു പോൾ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ബസ് വാങ്ങി നൽകൽ, കടഭാരം ലഘൂകരിക്കൽ, പലിശ, പെൻഷൻ ഏറ്റെടുക്കൽ, സൗജന്യയാത്രാ ചെലവ് ഏറ്റെടുക്കൽ തുടങ്ങിയ പ്രശ്നങ്ങളിൽ, മറ്റ് സംസ്ഥാനങ്ങളുടെ നല്ല മാതൃകകൾ സ്വീകരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി യെ രക്ഷിക്കാൻ സർക്കാർ അനുകൂല തീരുമാനങ്ങൾ എടുക്കാൻ തയ്യാറാകുമോ; കെ.എസ്.ആർ.ടി.സി യുടെ നിലനിൽപിനെ തന്നെ ബാധിക്കുന്ന മേൽപ്പറഞ്ഞ ഓരോ പ്രശ്നത്തിലും സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമീണ ജനങ്ങളുടെ യാത്ര ചെയ്യാനുള്ള അവകാശം മറന്നുകൊണ്ട്, നഷ്ടത്തിലോടുന്ന സർവ്വീസുകളെല്ലാം നിർത്തലാക്കിക്കൊണ്ടിരിക്കുന്ന നിലപാട് തിരുത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം

5253 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം പരിഹരിക്കുവാൻ ഓരോ സർവ്വീസിന്റെയും നഷ്ടം അതുകടന്നുപോകുന്ന തദ്ദേശസ്ഥാപനങ്ങൾകൂടി വഹിക്കത്തക്കവിധം നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) തദ്ദേശസ്ഥാപനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അവസരം നൽകുമോ ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം ഉണ്ടാകുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം തേടുവാൻ പൊതുജനങ്ങളിൽനിന്നും, മാനേജ്മെന്റ് വിദഗ്ദ്ധരിൽനിന്നും അഭിപ്രായം ശേഖരിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. പുനരുദ്ധാരണം</u>

5254 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2013 ഡിസംബർ 31 വരെ കെ.എസ്.ആർ.ടി.സി. ക്ക് വേണ്ടി എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്ന് അറിയിക്കുമോ; എത്ര പുതിയ വണ്ടികൾ നിരത്തിലിറക്കിയെന്നും ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ എത്രയാണെന്നും വിശദമാക്കുമോ;

(ബി) 2013 ജനുവരി മുതൽ ഡിസംബർ 31 വരെ ഓരോ മാസവും കെ.എസ്.ആർ.ടി.സി.ക്കുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. യെ പുനരുദ്ധരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി - യ്ക്കു വേണ്ടി വാങ്ങിയ ബസ്സുകൾ</u>

5255 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ഓരോ വർഷവും കെ.എസ്.ആർ.ടി.സി. ക്കുവേണ്ടി എത്ര ബസ്സുകൾ വീതം പുതുതായി വാങ്ങിയെന്ന് വ്യക്തമാക്കാമോ ; ഇവയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇനി പുതിയ ബസ്സുകൾ വാങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ബസ്സുകൾ ; ഏതെല്ലാം ഇനത്തിലുള്ളവ ; ഇതിനുള്ള പണം ഏത് രീതിയിൽ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. ക്കുവേണ്ടി പ്രതിവർഷം എത്ര ബസ്സുകൾ വാങ്ങിയിരുന്നെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി വാങ്ങിയ ബസ്സുകൾ</u>

5256 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009-2010, 2010-2011 വർഷങ്ങളിൽ കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്ന വിവരം അറിയിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ</u>

5257 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ദൈനംദിനം എത്ര കിലോമീറ്റർ സർവ്വീസ് നടത്തുന്നുണ്ട് ; ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണോ കുറവാണോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഓരോ വർഷവും എത്ര പുതിയ ബസ്സുകൾ നിരത്തിൽ ഇറക്കി, പ്രതിവർഷം ആയിരം ബസ്സുകൾ നിരത്തിൽ ഇറക്കുമെന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ദീർഘദൂര എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകളുടെ എണ്ണം കുറയ്ക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം കുറയ്ക്കാനുണ്ടായ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ ഡിപ്പോയിലെ ഷെഡ്യൂളുകൾ</u>

5258 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ എത്രയാണെന്നും ഇതിന് എത്ര ബസ്സുകൾ ആവശ്യമുണ്ടെന്നും വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിലവിൽ എത്ര ബസുകളാണ് ഗതാഗതയോഗ്യമായിട്ടുള്ളത്;

(സി) നിലവിലുള്ള ബസുകളിൽ പത്ത് വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ഉള്ളവ എത്രയാണ്;

(ഡി) ബസുകളുടെ കുറവുമൂലം ഷെഡ്യൂളുകൾ റദ്ദ് ചെയ്യുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് കൂടുതൽ ബസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. ഡീസൽ പ്രതിസന്ധി</u>

5259 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ എത്ര ഷെഡ്യൂളുകളാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്തുവരുന്നത്;

(ബി) ബൾക്ക് പർച്ചേസർ എന്ന രീതിയിലുണ്ടായ ഡീസൽ പ്രതിസന്ധി കെ.എസ്.ആർ.ടി.സി യിൽ പൂർണ്ണമായും പരിഹരിച്ചുവോ;

(സി) കെ.എസ്.ആർ.ടി.സി. ക്ക് ആവശ്യമായ ഡീസൽ മുഴുവനും ഇപ്പോൾ സ്വകാര്യ പമ്പിൽ നിന്നുമാണോ നിറയ്ക്കുന്നത് എന്നറിയിക്കുമോ;

(ഡി) ഡീസൽ പ്രതിസന്ധി മൂലം എത്ര ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചിരുന്നതെന്നും ഇവയെല്ലാം പുന:സ്ഥാപിച്ചു കഴിഞ്ഞോയെന്നും വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ എന്നേക്കു പുന:സ്ഥാപിക്കുമെന്നു വ്യക്തമാക്കാമോ;

(എഫ്) കോർപ്പറേഷനിൽ ഇപ്പോൾ എത്ര ബസുകളാണ് ഗതാഗതയോഗ്യമായിട്ടുള്ളത്?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ/കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിറുത്തലാക്കിയ ഷെഡ്യൂളുകൾ

5260 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി ഒന്ന് മുതൽ ഇതുവരെ ആറ്റിങ്ങൽ/കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും ഏതെല്ലാം ഷെഡ്യൂളുകൾ നിറുത്തലാക്കിയിട്ടുണ്ടെന്നും, എത്ര ഷെഡ്യൂളുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഷെഡ്യൂളുകൾ കുട്ടത്തോടെ നിർത്തലാക്കുന്നത് പിന്നോക്കമേഖലയായ ആറ്റിങ്ങലിലേയും കിളിമാനൂരിലേയും യാത്രക്കാരെ ഏറെ ബുദ്ധിമുട്ടിലാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നിറുത്തലാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>കാസര്‍ഗോഡ് നിര്‍ത്തലാക്കിയ കെ. എസ്. ആര്‍. ടി. സി. ബസ്സുകള്‍</u>

5261 ശ്രീ.കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയില്‍ സര്‍വ്വീസ് നടത്തുന്ന എത്ര കെ. എസ്. ആര്‍. ടി.സി. ബസ്സുകള്‍ ആണ് ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം നിര്‍ത്തലാക്കിയതെന്നും, ഈ ബസ്സുകളുടെ പ്രതിദിന കളക്ഷന്‍ വിവരം എത്രയാണെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>മാടായിക്കാവിലേയ്ക്ക് കെ.എസ്.ആർ.ടി.സി ബസുകൾ</u>

5262 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർണ്ണാടകയിൽ നിന്നും ധാരാളം ഭക്തജനങ്ങൾ എത്തിച്ചേരുന്ന തിരുവർക്കാട്ടുകാവിൽ (മടായിക്കാവ്) കേരളാതിർത്തിയായ തലേപ്പാടിയിൽ നിന്നും കൂട്ടുപുഴ നിന്നും കെ.എസ്.ആർ.ടി.സി ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>കെ. എസ്. ആര്‍. ടി. സി. ചെയിന്‍ സര്‍വ്വീസുകള്‍</u>

5263 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ആര്‍. ടി. സി. യില്‍ എത്ര ചെയിന്‍ സര്‍വ്വീസുകള്‍ ഓടിച്ചിരുന്നുവെന്നും അവയില്‍ എത്രയെണ്ണം നിറുത്തലാക്കിയെന്നും ഇവ നിറുത്തലാക്കാനുള്ള കാരണങ്ങള്‍ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പോയിന്റ് ടു പോയിന്റ്, എന്റ് ടു എന്റ്, രാജധാനി റിംഗ് സര്‍വ്വീസ് എന്നീ വിഭാഗങ്ങളില്‍ എത്ര സര്‍വ്വീസുകള്‍ വീതം നടത്തുന്നുണ്ട്; ഇവ ലാഭകരമായി നടത്തുവാന്‍ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കില്‍ ഇവ പുനഃക്രമീകരിച്ച് ലാഭകരമാക്കുന്നതിനുള്ള എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ രണ്ടു വര്‍ഷത്തിനുള്ളില്‍ കെ. എസ്. ആര്‍. ടി. സി. നിറുത്തലാക്കിയ സര്‍വ്വീസുകള്‍ എത്രയെന്നും ഇവ നിറുത്തലാക്കാനുള്ള കാരണങ്ങള്‍ എന്തെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>മഞ്ചേരി - പെരിന്തൽമണ്ണ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവ്വീസുകൾ</u>

5264 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി-പെരിന്തൽമണ്ണ റൂട്ടിൽ കെ.എസ്.ആർ.ടി.സി. എത്ര സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ നിലവിൽ ഓർഡിനറി ബസുകൾ സർവ്വീസ് നടത്തുന്നുണ്ടോ എന്നും, ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റൂട്ടിൽ മുൻകാലങ്ങളിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകൾ നിർത്തലാക്കിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ റൂട്ടിൽ നിലവിൽ സർവ്വീസ് നടത്തുന്ന ബസുകളുടെ ആവറേജ് പ്രതിദിന കളക്ഷൻ എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ റൂട്ടിൽ ഓർഡിനറി ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്ര പരിസരത്തു നിന്ന് പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ട്</u>

5265 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്ര പരിസരത്തു നിന്ന് പെരിമ്പിലാവ്,തിപ്പലിശ്ശേരി, കടങ്ങോട്, എരുമപ്പെട്ടി, മങ്ങാട് ആര്യംപാടം വഴി തശ്ശൂർ - മുളങ്ങുന്നത്തുകാവ് മെഡിക്കൽ കോളേജിലേക്ക് ഓർഡിനറി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം, പാലക്കാട് ജില്ലാ അതിർത്തികളിൽപെട്ടവർക്കും, മേൽപ്പറഞ്ഞ സ്ഥലങ്ങളിൽപെട്ടവർക്കും കുറഞ്ഞ ദൂരത്തിൽ മെഡിക്കൽ കോളേജിൽ എത്തിച്ചേരാനുള്ള മാർഗ്ഗം എന്ന നിലയ്ക്കും, ലാഭകരമായി നടത്താൻ കഴിയുന്ന സർവീസ് എന്ന നിലയ്ക്കും ബസ്സ് റൂട്ട് അനുവദിക്കുന്നതിന് ഉയർന്ന പരിഗണന നൽകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

വെള്ളം കൊണ്ടു പോകുന്ന കെ.എസ്.ആർ.ടി.സിയുടെ ടാങ്കർ വാഹനങ്ങൾ

5266 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി - യിൽ വെള്ളം കൊണ്ടു പോകുന്ന ടാങ്കർ വാഹനങ്ങൾ എത്ര എണ്ണമുണ്ട്; ഇവയുടെ പ്രവർത്തനം എവിടെയെല്ലാമാണ്; ഇതിൽ കൊണ്ടു വരുന്ന വെള്ളത്തിന്റെ ഉപയോഗം എവിടെയെല്ലാമാണ്;

(ബി) ഇതിന്റെ പ്രവർത്തനം രാത്രിയും പകലും ഉണ്ടോ; ഇതിലേക്ക് എത്ര ജീവനക്കാരെ നിയമിക്കാറുണ്ട്; ഇതിന്റെ പ്രവർത്തനം കൊണ്ട് കെ.എസ്.ആർ.ടി.സി ക്ക് പ്രതിമാസം ആകെ എന്തു ചെലവ് ഉണ്ടാകാറുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>വിദ്യാര്‍ത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാന്‍ സംസ്ഥാനതല സമിതി</u>

5267 ശ്രീ. ബെന്നി ബെഹനാന്‍
,, അന്‍വര്‍ സാദത്ത്
,, ലൂഡി ലൂയിസ്
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാര്‍ത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാന്‍ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) ഏതെല്ലാം യാത്രാ പ്രശ്നങ്ങള്‍ക്കാണ് സമിതി പരിഹാരം കാണാന്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>ട്രാൻസ്പോർട്ട് ഭവനിലെ വൈദ്യുതി ഉപഭോഗം</u>

5268 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർസും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഭവനിൽ കെ.എസ്.ആർ.ടി.സി.യുടെ ഓഫീസുകൾക്കാകെ വൈദ്യുതി ചാർജിനത്തിൽ എന്ത് തുക കഴിഞ്ഞ ഒരു വർഷം കെ.എസ്.ഇ.ബി.യ്ക്ക് നൽകിയിട്ടുണ്ട്;

(ബി) ഇവിടെ വൈദ്യുതി ഉപയോഗം കൂടുതലുള്ള എയർകണ്ടീഷണർ പോലുള്ള ഉപകരണങ്ങൾ എത്രയെണ്ണമുണ്ട്; വിശദമാക്കുമോ;

(സി) നിലവിലുള്ള വൈദ്യുതി ചാർജിനത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിന് ഇവിടെ സ്ഥാപിച്ചിട്ടുള്ള എയർകണ്ടീഷണർ പോലുള്ള ഉപകരണങ്ങളുടെ എണ്ണത്തിലും, ഉപയോഗത്തിലും കുറവ് വരുത്തുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ചാലക്കുടി കെ.എസ്.ആർ..ടി.സി. ബസ്സ് സ്റ്റേഷൻ നവീകരണം</u>

5269 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷന് ചുറ്റുമതിലും കോമ്പൗണ്ടിൽ പേ ആന്റ് പാർക്കിംഗ് സൗകര്യവും ബസ്സ് സ്റ്റേഷൻ കോമ്പൗണ്ടിൽ വ്യാപാര-വാണിജ്യ സമുച്ചയവും നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ചാലക്കുടിയിൽ നിന്നും മൂന്നാർ, കുമളി എന്നീ സ്ഥലങ്ങളിലേയ്ക്കും കൊടുങ്ങല്ലൂരിൽ നിന്ന് അതിരപ്പിള്ളിയിലേക്കും സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>അങ്കമാലി കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലേയ്ക്കുള്ള പ്രവേശനകവാടത്തിന്റെ സ്ഥലമെടുപ്പ്</u>

5270 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലേയ്ക്കുള്ള പ്രവേശന കവാടത്തിന്റെ സ്ഥലമെടുപ്പ് നടപടികളിൽ നിന്നും വിട്ടുപോയ സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി പൂർത്തിയാക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി,സി. ബസുകളില്‍ വീണുകിട്ടിയ വസ്തുക്കളുടെ ലേലം</u>

5271 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വീസ് നടത്തുന്ന ബസ്സുകളില്‍നിന്നും വിവിധ ഡിപ്പോകളില്‍നിന്നും കളഞ്ഞുകിട്ടുന്ന സ്വര്‍ണ്ണം, വെള്ളി ഉള്‍പ്പെടെയുള്ള വിലകൂടിയ വസ്തുവകകള്‍, മറ്റ് വസ്തുക്കള്‍ എന്നിവ ലേലം ചെയ്യുന്നതിന് കെ.എസ്. ആര്‍.ടി.സി. നിലവില്‍ പാലിക്കുന്ന നിയമ വ്യവസ്ഥകള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തില്‍ അവസാനമായി ലേലം നടന്നത് എപ്പോഴാണെന്നും, എത്ര തുക ലേലയിനത്തില്‍ കിട്ടിയെന്നും വിശദമാക്കുമോ ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം കെ. എസ്.ആര്‍.ടി.സി. എത്ര തുകയുടെ ലേലം നടത്തുകയുണ്ടായി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) നിലവില്‍ കെ.എസ്.ആര്‍.ടി.സി.-യുടെ പക്കല്‍ ലേലം ചെയ്യുവാനുള്ള വിലകൂടിയ വസ്തുക്കള്‍ എത്രമാത്രമുണ്ടെന്നതിന്റെ വിശദാംശം നല്കുമോ ;

(ഇ) ഇവ ലേലം ചെയ്യുവാന്‍ കെ.എസ്.ആര്‍.ടി.സി. തീരുമാനിച്ചിട്ടുണ്ടോ ; ഏതെല്ലാം വസ്തുക്കള്‍ ലേലം ചെയ്യുവാന്‍ പരസ്യം ഉള്‍പ്പെടെയുള്ള, എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന്
വ്യക്തമാക്കുമോ ;

(എഫ്) കെ.എസ്.ആര്‍.ടി.സി. തീരുമാനപ്രകാരം 2014 ജനുവരി മാസത്തില്‍ വിലകൂടിയ വസ്തുക്കളുടെ ലേലം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ ;

(ജി) നഷ്ടത്തില്‍ സര്‍വ്വീസ് നടത്തുന്ന കെ.എസ്.ആര്‍.ടി. സി.യ്ക്ക് മുതല്‍ കൂട്ടുന്നതിനായി വേണ്ടുന്ന നിയമ വ്യവസ്ഥകള്‍ പാലിച്ച് പ്രസ്തുത വിലകൂടിയ വസ്തുക്കള്‍ ലേലം ചെയ്ത് വില്‍ക്കുവാന്‍ ഗതാഗതവകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>കെ.എസ്.ആർ.ടി.സി - ഉടമസ്ഥരില്ലാത്ത ആഭരണങ്ങളുടെ ലേലം</u>

5272 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസുകളിൽ നിന്നും കളഞ്ഞുകിട്ടിയതും ഉടമസ്ഥരില്ലാത്തതുമായ സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ലേലം ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിരുന്നോ;

(ബി) പ്രസ്തുത ലേലനടപടികൾ തടയപ്പെട്ടതിനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലേലത്തിന്റെ മുന്നൊരുക്കങ്ങൾക്കായി കെ.എസ്.ആർ.ടി.സി ക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിലെ നിയമനങ്ങൾ</u>

5273 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർസും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് തയ്യാറാക്കപ്പെട്ട പി. എസ്. സി. യുടെ ലിസ്റ്റുകളിൽ നിന്നും എത്രപേരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിച്ചു എന്നും, കണ്ടക്ടർ, ഡ്രൈവർ തസ്തികകളിലടക്കം എത്ര ഒഴിവുകളാണ് കെ. എസ്. ആർ. ടി. സി. യിലുള്ളതെന്നും അറിയിക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി. യിൽ ഒഴിവുകൾ ഏറെയുണ്ടായിട്ടും നിയമനങ്ങൾ നടത്താത്തത് എന്തുകൊണ്ടാണെന്നു വിശദമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. യിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കെ. എസ്. ആർ.ടി. സി. യിലെ ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള ലിസ്റ്റിൽ നിന്നും അടിയന്തിരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

<u>കെ. എസ്. ആർ. ടി. സി യിലെ സ്ഥിര/താൽക്കാലികനിയമനം</u>

5274 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതു വരെ കെ.എസ്.ആർ.ടി.സി യിൽ എത്ര സ്ഥിര ജീവനക്കാരെ നിയമിച്ചുവെന്നും എത്ര താല്ക്കാലിക ജീവനക്കാരെ നിയമിച്ചുവെന്നും തസ്തിക അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പി. എസ്. സി യുടെ നിയമന ശുപാർശ നിലനിൽക്കുന്ന തസ്തികകളിൽ എത്ര എം. പാനൽ ജീവനക്കാരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>കണ്ടക്ടർമാരുടെ നിയമനം</u>

5275 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ആവശ്യത്തിന് കണ്ടക്ടർമാരില്ലാതെ സർവ്വീസുകൾ റദ്ദാക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ടക്ടർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും എന്നെല്ലാമാണ് അഡ്വൈസ് ചെയ്ത കത്ത് കെ.എസ്.ആർ.ടി.സി.ക്കു പി. എസ്. സി. യിൽ നിന്ന് ലഭിച്ചതെന്ന് അറിയിക്കുമോ;

(സി) നിയമന ഉത്തരവ് ഇവർക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നിയമന ഉത്തരവ് അയക്കാതിരിക്കുന്നത് എന്നറിയിക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ശ്രീ ചിത്തിരതിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ടീച്ചിംഗ് സ്റ്റാഫ് ഒഴിവുകൾ</u>

5276 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ടീച്ചിംഗ് സ്റ്റാഫിന്റെ എത്ര തസ്തികകളാണ് നിലവിൽ ഉള്ളത്;

(ബി) നിലവിലുള്ള ഒഴിവിന്റെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള ഓരോ തസ്തികയിലും നിയമിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത എന്താണ്;

(ഡി) നിലവിലുള്ള ഒഴിവുകൾ എത്ര കാലം കൊണ്ട് ഒഴിഞ്ഞ് കിടക്കുന്നു; ഈ ഒഴിവുകൾ നികത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>റിസർവ്വ് കണ്ടക്ടർ ഒഴിവുകൾ</u>

5277 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ കെ.എസ്. ആർ. ടി. സി.യിൽ റിസർവ്വ് കണ്ടക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഒഴിവുകളിലേയ്ക്ക് എത്ര ഉദ്യോഗാർത്ഥികൾക്ക് പി. എസ്. സി. നിയമനശുപാർശ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**06.02.2014-ലെ മറുപടിക്ക്**

കെ.എസ്.ആർ.ടി.സി. - ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

5278 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർ തസ്തികയിലേയ്ക്ക് പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയാമോ;

(ബി) ഈ തസ്തികയിലേയ്ക്ക് ഏത് തീയതിവരെയുള്ള ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തശേഷം ഉണ്ടായ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

<u>അമിതഭാരം കയറ്റിയ ടോറസ്സ് വാഹനങ്ങൾ</u>

5279 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകളിൽ അമിതഭാരം കയറ്റിയ ടോറസ്സ് വാഹനങ്ങൾ ഓടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അമിതഭാരം കയറ്റിയ വാഹനങ്ങൾ സ്ഥിരമായി ഓടുന്നതുമൂലം നിർമ്മാണം പൂർത്തിയാക്കിയ പല റോഡുകളും വളരെ വേഗത്തിൽ കേടു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രാമീണ റോഡുകളിൽ അമിതഭാരം കയറ്റി വരുന്ന വാഹനങ്ങളെ നിയന്ത്രിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഗ്യാസ് ടാങ്കറുകൾക്കുള്ള സുരക്ഷിതത്വ നടപടികൾ

5280 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻകരുതലുകൾ എടുക്കാതെ പാചകവാതകമുൾപ്പെടെയുള്ള അപകടകരമായ വസ്തുക്കളും മറ്റും കൊണ്ടു പോകുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ എത്ര വാഹനങ്ങൾക്കെതിരെ അപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

ഗ്യാസ് ടാങ്കർ അപകടങ്ങൾ

5281 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈസർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്യാസ് ടാങ്കർ ലോറി അപകടങ്ങളിൽപ്പെട്ട് എത്ര പേർ ഇതുവരെ മരണപ്പെട്ടു;

(ബി) അപകടസാദ്ധ്യത കുടുതലുള്ളതുകൊണ്ട് വളരെ സുരക്ഷിതമായും മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടും സർവ്വീസ് നടത്തേണ്ട ഗ്യാസ് ടാങ്കർ ലോറികൾ തുടർച്ചയായി അപകടങ്ങളിൽപ്പെടുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ഗതാഗതവകുപ്പ് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ട്രാഫിക്ക് നിയമ ക്ലാസ്സ്</u>

5282 ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക്ക് നിയമ ക്ലാസ്സ് നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ ഡ്രൈവിംഗ് സ്കൂളുകൾ

5283 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഡ്രൈവിംഗ് സ്കൂളുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഏതെങ്കിലും ഡ്രൈവിംഗ് സ്കൂൾ ജില്ലയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2014-ലെ മറുപടിക്ക്

വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനം

5284 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ വാഹനങ്ങൾക്ക് ആനുപാതികമായി വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ (എം. വി. ഐ/എ. എം. വി. ഐ.) തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തസ്തികകൾ കുറവുണ്ടെന്ന് വിശദമാക്കാമോ;

(ബി) വാഹനങ്ങൾക്ക് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2014-ലെ മറുപടിക്ക്

<u>ജലഗതാഗത വകുപ്പിലെ ജീവനക്കാർക്ക്
രണ്ടാം ശനിയാഴ്ച അവധി നൽകുന്നതിനുള്ള തടസ്സം</u>

5285 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജലഗതാഗത വകുപ്പിലെ ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി നൽകുന്നതിനുള്ള തടസ്സമായി 2005-ൽ ട്രാൻസ്പോർട്ട് സെക്രട്ടറി കോടതിയിൽ നൽകിയ കാര്യങ്ങൾ ഇപ്പോഴും നില നിൽക്കുന്നുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ജനുവരി 28.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.